മു
ദ്ര
ക
ൾ

# അൽ ജമാഅ: ആയുധം താഴെവെക്കുമ്പോൾ

**ഈജിപ്ഷ്യൻ** ഭരണകൂടത്തെയും അവരുടെ കൂട്ടാളികളെയും സായുധമായി നേരിടണമെന്ന ശാഠ്യത്തിലായിരുന്നു അവിടത്തെ അൽ ജമാഅഃ അൽ ഇസ്‌ലാമിയ്യ എന്ന സംഘടന 1997 വരെ. സംഘടനയുടെ ചരിത്രത്തിൽ ഒരു വഴിത്തിരിവായിരുന്നു ആ വർഷം. നിരുപാധികം അവർ സായുധപ്പോരാട്ടത്തിൽനിന്ന് പിൻവാങ്ങി. അവരുന്നയിച്ച ആവശ്യങ്ങളൊന്നും ഹുസ്നി മുബാറകിന്റെ ഏകാധിപത്യഭരണകൂടം അംഗീകരിച്ചിരുന്നില്ല. എന്നിട്ടും എന്തുകൊണ്ട് ആയുധങ്ങൾ താഴെവെച്ചു? തങ്ങൾ പിന്തുടർന്ന പ്രവർത്തനശൈലി ഇസ്‌ലാമികമായിരുന്നില്ല എന്ന തിരിച്ചറിവാണ് ഇതിന് കാരണമെന്ന് സമർഥിക്കുകയാണ് ഡോ. സൽവ മുഹമ്മദ് അൽ അവാ തന്റെ 'ഈജിപ്തിലെ അൽ ജമാഅ: അൽ ഇസ്‌ലാമിയ്യ എന്ന സായുധ സംഘടന 1973-2004' എന്ന അറബി പുസ്തകത്തിൽ. കയ്റോവിലെ മക്തബതുശ്ശുറൂഖ് ആണ് ഇത് പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഈ സംഘടനയെ സമഗ്രമായി പരിചയപ്പെടുത്തുന്ന ആദ്യത്തെ ഗ്രന്ഥമാണിത്.

എഴുപതുകളുടെ തുടക്കത്തിലാണ് സംഘടനയുടെ രൂപവത്കരണത്തിലേക്ക് നയിച്ച ആശയപരിസരം സംജാതമാകുന്നത്. വിപ്ലവത്തെക്കുറിച്ചും ഇസ്‌ലാമിക പ്രവർത്തനത്തെക്കുറിച്ചും ഇഖ്‌വാനുൽ മുസ്‌ലിമൂൻ വെച്ചുപുലർത്തുന്ന ആശയങ്ങളോട് വിയോജിച്ചുകൊണ്ട് തെക്കൻ ഈജിപ്തിലെ കലാലയങ്ങളിൽ പഠിക്കുന്ന ചില വിദ്യാർഥികൾ രംഗത്തുവന്നു. നാജിഹ് ഇബ്റാഹീം, കറം സഹ്ദി, ഉസാമ ഹാഫിദ് എന്നിവരായിരുന്നു അതിന്റെ മുൻനിരയിൽ. അവരാണ് അൽ ജമാഅ: അൽ ഇസ്‌ലാമിയ്യ സ്ഥാപിച്ചത്.

തങ്ങളോട് വിയോജിക്കുന്ന മുസ്‌ലിംകളെല്ലാം ഇസ്‌ലാമിൽനിന്ന് പുറത്തുപോയി (തക്ഫീർ) എന്ന വീക്ഷണമൊന്നും അവർക്കുണ്ടായിരുന്നില്ല. പക്ഷേ, ഭരണകൂടത്തോടുള്ള അവരുടെ നിലപാട് കർക്കശമായിരുന്നു. ഇതേ കാർക്കശ്യം ചില ഇടതുപക്ഷ വിദ്യാർഥി സംഘടനകളോടും അവർ പുലർത്തി. അത് കാമ്പസുകളിൽ സംഘർഷാവസ്ഥ സൃഷ്ടിച്ചു. 'തിന്മ കൈകൊണ്ട് തടയണം' എന്ന ആശയം ഏറ്റുപിടിക്കാൻ കാമ്പസിന് പുറത്തും ആളുകളുണ്ടായി. എൺപതുകളുടെ തുടക്കത്തിൽ അവർ 'തൻളീമുൽ ജിഹാദ്' എന്ന സംഘടനയുമായി കൂട്ടുകൂടി ഈജിപ്ഷ്യൻ പ്രസിഡന്റ് അൻവർ സാദാത്തിന്റെ വധത്തിലും അസ്‌യൂത് നഗരത്തിലും മറ്റുമുണ്ടായ നിരവധി വിധ്വംസക പ്രവർത്തനങ്ങളിലും ഭാഗഭാക്കായി. താമസിയാതെ അവർ 'തൻളീമുൽ ജിഹാദു'മായി വേർ പിരിഞ്ഞു. 1984-ൽ അൽ ജമാഅയുടെ സൈദ്ധാന്തികാടിത്തറകൾ വിശദീകരിച്ചുകൊണ്ട് 'മീസാഖുൽ അമലിൽ ഇസ്‌ലാമി' എന്ന പുസ്തകം പുറത്തിറക്കി.

ഭരണകൂടവുമായി നേരിൽ ഏറ്റുമുട്ടാൻ ഇറങ്ങിത്തിരിച്ച സംഘടനാ നേതൃത്വത്തിന് ഇടക്കുവെച്ച് തീവ്രവാദപ്രവർത്തനങ്ങളുടെ നിഷ്ഫലത സ്വയം ബോധ്യപ്പെടുകയായിരുന്നു. സംഘടനയുടെ സൈദ്ധാന്തികനും അതിന്റെ സ്ഥാപകരിലൊരാളുമായ നാജിഹ് ഇബ്റാഹീം പറയുന്നു: ഞങ്ങളുടെ അനുഭവങ്ങൾ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ എത്തിച്ചേർന്നത് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് സായുധവിംഗ് ആവശ്യമില്ല എന്ന നിഗമനത്തിലാണ്.'

സായുധ പ്രവർത്തനങ്ങൾ ഉപേക്ഷിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ പതിനഞ്ച് വർഷത്തിനകം പതിനഞ്ച് സുപ്രധാന ഭേദഗതികൾ സംഘടന അംഗീകരിച്ചു. ശൈഖ് മുതവല്ലി ശഅ്റാവിയെപ്പോലുള്ള പണ്ഡിതന്മാർ ഈ മാറ്റത്തെ സ്വാഗതം ചെയ്യുകയുണ്ടായി. പക്ഷേ, ഭരണകൂടം ഇപ്പോഴും സംഘടനയെ സംശയത്തോടെയാണ് കാണുന്നത്. ജയിലിലടക്കപ്പെട്ട അതിന്റെ നേതാക്കളെയും അനുയായികളെയും വിട്ടയക്കാൻ ഭരണകൂടം തയാറായിട്ടില്ല. ■

# സാമ്രാജ്യത്വം 'കുഴപ്പങ്ങൾ കൃഷിചെയ്യുന്ന വിധം'

**തെക്കൻ** സുഡാൻ, ദാർഫൂർ പ്രശ്നങ്ങൾ ഉയർത്തിപ്പിടിച്ച് സുഡാൻ ഗവൺമെന്റിനെ വേട്ടയാടുകയാണ് പാശ്ചാത്യ മീഡിയയും ഭരണകൂടങ്ങളും. ഗവൺമെന്റ് വംശഹത്യ നടത്തുകയാണെന്ന മീഡിയാ പ്രചാരണം ഏറക്കുറെ എല്ലാവരും അംഗീകരിച്ച മട്ടാണ്. ഈ പ്രശ്നങ്ങൾക്കു പിന്നിൽ മീഡിയ സമർഥമായി ഒളിച്ചുവെക്കുന്ന കുറേ സത്യങ്ങളില്ലേ? "തീർച്ചയായും ഉണ്ട്. പ്രശ്നങ്ങളുടെ വേരുകൾ തേടി നാം കുറച്ച് പിറകോട്ടു പോകേണ്ടതുണ്ടെന്ന് തോന്നുന്നു. 1889 മുതൽ 1956 വരെ സുഡാനിൽ ബ്രിട്ടീഷ് കൊളോണിയൽ ഭരണമായിരുന്നു. കൊളോണിയലിസത്തിനെതിരെ കനത്ത ചെറുത്തുനിൽപാണ് സുഡാനികൾ നടത്തിയത്. 1883-ൽ കർദഫാൻ സംസ്ഥാനത്ത് നടന്ന രൂക്ഷമായ പോരാട്ടത്തിൽ ഹെക്സ് പാഷയുടെ നേതൃത്വത്തിലുള്ള ഇംഗ്ലീഷ് സൈന്യത്തെ ഞങ്ങളുടെ ജനത തുരത്തിയോടിച്ചു. ദാർഫൂറിൽ സഹീമി, മധ്യ സുഡാനിൽ അബ്ദുൽ ഖാദിർ വുദ്ദ് ഹബൂബ, കർദഫാനിൽ അലി മീറാവി, തലസ്ഥാനമായ ഖുർത്വൂമിൽ അലി അബ്ദുല്ലത്വീഫ്.... ഈ നേതാക്കൾക്ക് കീഴിൽ സുഡാനികൾ ഒറ്റക്കെട്ടായി പൊരുതി. ഒടുവിൽ ഈ ഐക്യം തകർക്കാനുള്ള കൊളോണിയൽ കുതന്ത്രം ബ്രിട്ടൻ പുറത്തെടുത്തു. സുഡാനികളെ മതപരമായും വംശീയമായും ഭിന്നിപ്പിക്കുക. 60 വർഷത്തെ കൊളോണിയൽ ഭരണകാലത്തിനിടക്ക് അതിനായുള്ള ഒരു മാസ്റ്റർ പ്ലാനും അവർ തയാറാക്കി. സുഡാനിലെ ചില പ്രദേശങ്ങളെ അവർ അടഞ്ഞ ജില്ലകൾ (Closed Districts) ആയി പ്രഖ്യാപിച്ചു. തെക്കൻ മേഖല മുഴുവൻ, കർദഫാനിലെ ആബ പർവത പ്രദേശങ്ങൾ, നീല നൈലിന് സമീപമുള്ള അൽജസ്നാ താഴ്‌വാര പ്രദേശങ്ങൾ (ധാരാളം ജനവാസമുള്ള, എത്യോപ്യൻ അതിർത്തിയോട് ചേർന്നുകിടക്കുന്ന വലിയൊരു ഭൂവിഭാഗമാണിത്) എന്നിവയാണ് അടഞ്ഞ ജില്ലകളാക്കിയത്. രാജ്യത്തെ

വെട്ടിമുറിക്കുന്നതിന് തുല്യമായിരുന്നു ഇത്. സുഡാനി പൗരന്മാർക്കു വരെ ഈ പ്രദേശങ്ങളിലേക്ക് കടക്കുന്നതിന് പ്രത്യേക അനുവാദപത്രം വാങ്ങണം" സുഡാൻ നേരിടുന്ന പ്രശ്നങ്ങളുടെ ചരിത്രപരമായ കാരണങ്ങളിലേക്ക് വെളിച്ചം വീശുകയായിരുന്നു പ്രഫ. മഹ്ദി ഇബ്റാഹീം. സുഡാനിലെ ഭരണകക്ഷിയായ ഹിസ്ബുൽ മുഅ്തമറിന്റെ മുതിർന്ന നേതാവാണ് അദ്ദേഹം.

സ്വാഭാവികമായും സ്വാതന്ത്ര്യാനന്തരവും തെക്കു-വടക്ക് വിഭജനം ചോരയൊലിക്കുന്ന മുറിവായി ശേഷിച്ചു. അതിനു വേണ്ട എല്ലാ കോപ്പുകളും തെക്കൻ സുഡാനിൽ ബ്രിട്ടീഷുകാർ ചെയ്തുവെച്ചിരുന്നു. അവിടത്തെ പാഠ്യപദ്ധതി അടിമുടി ക്രൈസ്തവവൽക്കരിച്ചു. വിദ്യാഭ്യാസസ്ഥാപനങ്ങൾ മിഷണറികളുടെ നിയന്ത്രണത്തിലായി. അവിടെ ചേരാൻ ചെല്ലുന്ന മുസ്ലിം വിദ്യാർഥികളോട് അവർ പറയും: 'ഞങ്ങളുടെ സ്കൂളിൽ ചേരണമെങ്കിൽ നിങ്ങൾക്ക് ഒരു ഇംഗ്ലീഷ് (ക്രിസ്ത്യൻ) പേര് ഉണ്ടായിരിക്കണം.' അറബികളോടും മുസ്ലിംകളോടുമുള്ള വംശീയ വിദ്വേഷം തെക്കൻ സുഡാനിൽ ഊട്ടിയുറപ്പിക്കുന്നതിലും ബ്രിട്ടീഷ് സാമ്രാജ്യത്വം വിജയിച്ചു.

ഈ ചരിത്രപശ്ചാത്തലത്തിൽ വേണം തെക്കൻ സുഡാൻ, ദാർഫൂർ പ്രശ്നങ്ങളെ കാണാനെന്ന് മഹ്ദി ഇബ്റാഹീം പറഞ്ഞു. ദാർഫൂർ ഈ അടഞ്ഞ ജില്ലകളിൽ പെടുന്ന പ്രദേശമാണ്. അറബ് വംശജരോടുള്ള വിദ്വേഷം ആളിക്കത്തിക്കാനുള്ള ശ്രമമാണ് അവിടെ നടക്കുന്നത്. സുഡാന്റെ ഭാവിഭാഗധേയം നിർണയിക്കുന്നതിൽ അറബിഭാഷക്കോ ഇസ്ലാമിക സംസ്കാരത്തിനോ ഒരു പങ്കും അനുവദിക്കാതിരിക്കുക എന്നതാണ് ഇതിന്റെ പിന്നിലുള്ള ലക്ഷ്യം. 'നിങ്ങൾ മുസ്ലിംകളാണ്, പക്ഷേ, അറബികളല്ലല്ലോ' ഇതാണ് ദാർഫൂറിലെ ഗോത്രങ്ങളോട് അവർ പറഞ്ഞുകൊണ്ടിരിക്കുന്നത്. വംശീയ വിദ്വേഷമുണ്ടാക്കാനുള്ള ഇവിടത്തെ ഓരോ നീക്കവും യൂറോപ്യൻ-അമേരിക്കൻ സഹായത്തോടെയാണെന്ന് എനിക്കുറപ്പിച്ചുപറയാൻ കഴിയും. സയണിസ്റ്റുകളുടെയും ചർച്ചിന്റെയും ഉറച്ച പിന്തുണ പുറമെയും. ഈ ശക്തികളെല്ലാം ചേർന്നാണ് സുഡാൻ ഗവൺമെന്റ് ക്രിസ്ത്യാനികളെയും ആഫ്രിക്കൻ വംശജരെയും പീഡിപ്പിക്കുകയാണെന്ന് വിളിച്ചാർക്കുന്നത്. അവരുടെ കുതന്ത്രം അവരുടെ ചങ്കിനു തന്നെ തിരിഞ്ഞുകൊത്തട്ടെ - മഹ്ദി പ്രത്യാശിച്ചു. ■

# ജൂതരാഷ്ട്രത്തിന്റെ അടിത്തറയിളകുന്നു?

**ലബനാനിൽനിന്നേറ്റ** തിരിച്ചടിയല്ല ഇന്ന് ഇസ്രയേലിൽ മുഖ്യ ചർച്ചാവിഷയം. അതിവേഗം കുറഞ്ഞുകൊണ്ടിരിക്കുന്ന ജൂതജനസംഖ്യയാണ് ആ രാഷ്ട്രത്തിന്റെ ഉറക്കം കെടുത്തുന്നത്. ബാൽഫർ പ്രഖ്യാപനത്തിലൂടെ ബ്രിട്ടനാണ് ജൂതരാഷ്ട്രത്തിനുള്ള ഭൂമി പതിച്ചുനൽകിയതെങ്കിലും അതിനുള്ള ഒരുക്കങ്ങൾ ജൂതസംഘടനകൾ നേരത്തേ പൂർത്തിയാക്കിയിരുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ചിതറിക്കിടക്കുന്ന ജൂതസമൂഹങ്ങളിൽ വലിയൊരു വിഭാഗത്തെ ഫലസ്ത്വീനിലേക്ക് ആകർഷിക്കാൻ അവർക്ക് സാധിച്ചു. ഫലസ്ത്വീനികളെ ആട്ടിയോടിക്കുന്നതിലും വിജയിച്ചതോടെ അവരുടെ ജനസംഖ്യാ മേധാവിത്വം സുരക്ഷിതമായി. കഴിഞ്ഞ നൂറ്റാണ്ടിന്റെ എഴുപതുകളിലും എൺപതുകളിലുമായി സോവിയറ്റ് യൂനിയൻ, കിഴക്കൻ യൂറോപ്പ്, ലാറ്റിനമേരിക്ക എന്നിവിടങ്ങളിൽനിന്നായി വൻതോതിൽ ജൂതരാഷ്ട്രത്തിലേക്ക് കുടിയേറ്റമുണ്ടായതോടെ നില ഒന്നുകൂടി ഭദ്രമായി.

ഈ ജനസംഖ്യാ (demographic) മേധാവിത്വമാണ് ഇപ്പോൾ ചോദ്യം ചെയ്യപ്പെടുന്നത്. ഫലസ്ത്വീനികളെ നിരന്തരം ആട്ടിയോടിച്ച് ജൂതകുടിയേറ്റം പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നിട്ടും ജൂത അധിനിവിഷ്ട ഫലസ്ത്വീൻ ചരിത്ര നഗരങ്ങളിലെല്ലാം 2007 അവസാനമാകുമ്പോഴേക്ക് ജൂതന്മാരുടെയും ഫലസ്ത്വീനികളുടെയും ജനസംഖ്യ തുല്യമാവുമെന്നാണ് സ്ഥിതിവിവരക്കണക്ക്. 2008 മുതൽ ജനസംഖ്യാമേധാവിത്വം ഫലസ്ത്വീനികൾക്കായിരിക്കും.

വിദേശരാജ്യങ്ങളിൽനിന്നുള്ള ജൂത കുടിയേറ്റമായിരുന്നു ഇസ്രയേൽ ജൂതന്മാരുടെ ജനസംഖ്യാവർധനവിന് പ്രധാന നിദാനം. കുടിയേറ്റം 80 ശതമാനത്തോളം കുറഞ്ഞു എന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ജീവിക്കാൻ തീരെ സുരക്ഷിതത്വമില്ലാത്ത ഒരു രാജ്യമായാണ് ഇസ്രയേലിനെക്കുറിച്ചുള്ള ഇപ്പോഴത്തെ വിലയിരുത്തൽ. ഇക്കാരണത്താൽ നേരത്തെ കുടിയേറിയവർ മാതൃരാജ്യത്തിലേക്ക് തിരിച്ചുപോകാൻ തുടങ്ങിയത് ഇസ്രയേലിന് ഇരുട്ടടിയായി. ഇന്നുവരേക്കും ലോകജൂതന്മാരിൽ 39 ശതമാനത്തെ മാത്രമേ ഇസ്രയേലിന് ആകർഷിക്കാൻ കഴിഞ്ഞിട്ടുള്ളൂ എന്നതും വസ്തുതയാണ്.

ഇസ്രയേലിനകത്ത് ഫലസ്ത്വീൻ വംശജർക്ക് ഭരണത്തിൽ കാര്യമായ പ്രാതിനിധ്യമൊന്നുമില്ലെങ്കിലും അവർ മൊത്തം ജനസംഖ്യയുടെ 20 ശതമാനമാണ്. ഇരുവിഭാഗത്തിന്റെയും ജനസംഖ്യയിലുണ്ടാകുന്ന വമ്പിച്ച വ്യത്യാസം അവിടെയും ചർച്ചാവിഷയമാണ്. ഫ്രാൻസിലെ ജൂത ബുദ്ധിജീവിയായ ജോർജ് ഫ്രൈഡ്മാൻ ജൂതസമൂഹത്തിന്റെ മരണം പ്രവചിച്ചുകഴിഞ്ഞു. അവരുടെ ജനസംഖ്യ അത്രയധികം താഴോട്ട് പോകുന്നുണ്ടെന്നാണ് അദ്ദേഹത്തിന്റെ നിഗമനം.

പ്രജനന ശേഷിയിൽ ഫലസ്ത്വീനീ സ്ത്രീകൾ ജൂത സ്ത്രീകളേക്കാൾ വളരെ മുമ്പിലായതാണ് ജനസംഖ്യാ വ്യത്യാസത്തിന് മറ്റൊരു കാരണം. ഒരു ഫലസ്ത്വീനീസ്ത്രീ ശരാശരി 7 കുഞ്ഞുങ്ങൾക്ക് ജന്മം നൽകുമ്പോൾ ജൂത സ്ത്രീ സന്താനങ്ങളെ രണ്ടിൽ പരിമിതപ്പെടുത്തുന്നു. ജൂത സമൂഹം വാർധക്യം ബാധിച്ചും ഫലസ്ത്വീനീസമൂഹം യുവത്വത്തിന്റെ തിളപ്പിലും കാണപ്പെടാൻ അതാണ് കാരണം. ലോകത്ത് തന്നെ ഏറ്റവുമധികം ശുഷ്കിക്കുന്ന സമൂഹമാണ് ജൂതന്മാരുടേതെന്ന് കഴിഞ്ഞ നൂറ്റാണ്ടിന്റെ എൺപതുകളിൽ തന്നെ ലേബർ പാർട്ടി നേതാവ് ഷിമോൺ പെരസ് മുന്നറിയിപ്പ് നൽകിയിരുന്നു.

ഗസ്സയിൽ ഫലസ്ത്വീൻ പ്രശ്നങ്ങളിൽ ഗവേഷണപഠനം നടത്തുന്ന ഡോ. യൂസുഫ് കാമിൽ ഇബ്റാഹീം *അൽ മുജ്തമഅ്* വാരികയിൽ (2007 ഏപ്രിൽ 20) എഴുതിയ ലേഖനത്തിൽ ചാർട്ട് സഹിതം ഇതിന്റെ വിശദാംശങ്ങളുണ്ട്. ■

# പ്രതിസന്ധിയിലായ തുർക്കിയിലെ പ്രസിഡന്റ് തെരഞ്ഞെടുപ്പ്

**തുർക്കിയിൽ** പ്രസിഡന്റിനെ തെരഞ്ഞെടുക്കാൻ പാർലമെന്റിൽ നടന്ന വോട്ടെടുപ്പ് കോടതി ഇടപെട്ട് റദ്ദാക്കി. ഭരണകക്ഷിയായ ജസ്റ്റിസ് ആന്റ് ഡെവലപ്മെന്റ് പാർട്ടി (എ.കെ പാർട്ടി) യുടെ അബ്ദുല്ലാ ഗുൽ ആയിരുന്നു പ്രസിഡന്റ് സ്ഥാനാർഥി. എ.കെ പാർട്ടിക്ക് പാർലമെന്റിൽ നല്ല ഭൂരിപക്ഷമുള്ളതിനാൽ പാർട്ടി നോമിനിക്ക് പ്രസിഡന്റാവാൻ സാധാരണ ഗതിയിൽ പ്രയാസമൊന്നുമില്ല. പക്ഷേ, യഥാർഥ ഭരണം കൈയാളുന്ന സൈന്യവും അത്താതുർക്കിന്റെ മതവിരുദ്ധ പാരമ്പര്യം പിന്തുടരുന്ന പ്രതിപക്ഷ കക്ഷികളും ഒരു നിലക്കും അബ്ദുല്ലാ ഗുല്ലിനെ പ്രസിഡന്റാവാൻ സമ്മതിക്കില്ലെന്ന ശാഠ്യത്തിലാണ്.

1950-ൽ കായ്സരിയിൽ ജനിച്ച അബ്ദുല്ലാ ഗുൽ സാമ്പത്തിക ശാസ്ത്രത്തിൽ ഡോക്ടറേറ്റ് ബിരുദധാരിയാണ്. സാമ്പത്തിക ശാസ്ത്രത്തിൽ അസോസിയേറ്റ് പ്രഫസറായും ജിദ്ദയിലെ ഇസ്‌ലാമിക് ഡെവലപ്മെന്റ് ബാങ്കിൽ ഉദ്യോഗസ്ഥനായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. നാലാം തവണയാണ് അദ്ദേഹം തുടർച്ചയായി പാർലമെന്റിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നത്. 2001-ൽ എ.കെ പാർട്ടിക്ക് രൂപം കൊടുക്കുമ്പോൾ അതിന്റെ മുഖ്യശിൽപികളിലൊരാളായിരുന്നു. ഇപ്പോൾ റജബ് ത്വയ്യിബ് ഉർദുഗാൻ മന്ത്രിസഭയിലെ രണ്ടാമൻ - ഉപപ്രധാനമന്ത്രി, വിദേശകാര്യമന്ത്രി. സംശുദ്ധമായ വ്യക്തിത്വത്തിന്റെ ഉടമ. കാര്യക്ഷമതയുള്ള ഭരണകർത്താവ്.

അബ്ദുല്ലാ ഗുല്ലും അദ്ദേഹത്തിന്റെ സഹപ്രവർത്തകരുമാണ് തകർന്നുകൊണ്ടിരുന്ന തുർക്കി സമ്പദ്ഘടനക്ക് പുതുജീവൻ നൽകിയത്. എ.കെ പാർട്ടി ഭരണം ഏറ്റെടുത്തതിനു ശേഷം നാലുവർഷത്തിനുള്ളിൽ തുർക്കി സമ്പദ്ഘടന ഇരട്ടി വളർച്ചാ നിരക്കാണ് രേഖപ്പെടുത്തിയത്. കയറ്റുമതി 30 ബില്യൻ ഡോളറിൽനിന്ന് 90 ബില്യൻ ഡോളറായി കുതിച്ചുയർന്നു. ആഭ്യന്തര ഉൽപാദനം 200 ബില്യൻ ഡോളറിൽനിന്ന് 400 ബില്യൻ ഡോളറായി. വിദേശനിക്ഷേപം ഇപ്പോൾ വർഷം തോറും 30 ബില്യൻ ഡോളറാണ്.

എന്നിട്ടും സൈന്യവും സർവ മതവിരുദ്ധ കൂട്ടുകെട്ടുകളും ഗുല്ലിനെ എതിർക്കുന്നത് എന്തുകൊണ്ട്? ഒറ്റക്കാരണമേയുള്ളൂ. ഗുല്ലിന്റെ ഇസ്‌ലാമിസ്റ്റ് പശ്ചാത്തലം. തുർക്കിയിൽ 99 ശതമാനം മുസ്‌ലിംകളാണെങ്കിലും മതവിശ്വാസം വെച്ചുപുലർത്തുന്നതു പോലും അവിടെ തീവ്രവാദമാണ്. ഗുല്ലിന്റെ ഭാര്യ പർദയണിയുന്നു എന്നതാണ് ഇക്കൂട്ടർ അദ്ദേഹത്തിന് കൽപിച്ച് നൽകിയ ഏറ്റവും വലിയ 'അയോഗ്യത'!

പ്രസിഡന്റിനെ തെരഞ്ഞെടുക്കാനുള്ള ഒന്നാംഘട്ട തെരഞ്ഞെടുപ്പ് മുഖ്യപ്രതിപക്ഷമായ റിപ്പബ്ലിക്കൻ പാർട്ടി തന്ത്രപൂർവം ബഹിഷ്കരിക്കുകയായിരുന്നു. വോട്ടിംഗ് സാധുവാകണമെങ്കിൽ പാർലമെന്റിൽ 367 അംഗങ്ങൾ ഹാജരായിരിക്കണം എന്നുണ്ട്. റിപ്പബ്ലിക്കൻ പാർട്ടി വിട്ടുനിന്നതോടെ പാർലമെന്റിൽ 361 അംഗങ്ങളേ ഹാജരായുള്ളൂ. അതിൽ 357 പേരുടെ വോട്ട് ഗുല്ലിന് ലഭിക്കുകയും ചെയ്തു. ഈ സാങ്കേതികതയിൽ പിടിച്ചു തൂങ്ങിയാണ് സൈന്യത്തിന്റെ പ്രേരണയാൽ കോടതി വെട്ടെടുപ്പ് റദ്ദാക്കിയത്.

മറ്റൊരു തലം കൂടിയുണ്ട് ഈ പ്രതിസന്ധിക്ക്. കോടതികൾ, കൗൺസിൽ ഓഫ് സ്റ്റേറ്റ്, ഉപരിവിദ്യാഭ്യാസ കൗൺസിൽ തുടങ്ങിയ മർമ പ്രധാന സ്ഥാനങ്ങളിലേക്ക് തലവന്മാരെ നിശ്ചയിക്കുന്നത് പ്രസിഡന്റാണ്. അതിനാൽ മിലിട്ടറിയുടെ സഹായത്തോടെ തുർക്കിയിലെ വരേണ്യവർഗം പ്രസിഡന്റ് പദവി കുത്തകയാക്കിവെച്ചുപോരുകയായിരുന്നു. തുർക്കി റിപ്പബ്ലിക്കിന്റെ 80 വർഷത്തെ ചരിത്രത്തിൽ പത്ത് പ്രസിഡന്റുമാർ ഉണ്ടായിട്ടുണ്ട്. അവരിൽ തുർഗത്ത് ഒസാൽ മാത്രമാണ് ജനങ്ങളുടെ പ്രതിനിധി. ബാക്കിയെല്ലാം വരേണ്യതാൽപര്യങ്ങളുടെ സംരക്ഷകർ. ഒസാലിനെയാണ് മാതൃകയാക്കേണ്ടതെന്ന ത്വയ്യിബ് ഉർദുഗാന്റെ പ്രസ്താവനയിലെ അപകടം മനസ്സിലാക്കി തക്ക സമയത്ത് ചാടിവീഴുകയായിരുന്നു വരേണ്യവിഭാഗം.

നവംബറിൽ നടക്കേണ്ട പാർലമെന്റ് തെരഞ്ഞെടുപ്പ് ആഗസ്റ്റ് 24-ന് നടത്തി പ്രതിസന്ധി തരണം ചെയ്യാനാണ് ഉർദുഗാൻ ഗവൺമെന്റിന്റെ ശ്രമം. തെരഞ്ഞെടുപ്പിൽ ഭരണകക്ഷി വീണ്ടും ഭൂരിപക്ഷം നേടുമെന്നാണ് പ്രവചനം. ■